(ഡി) പഠന റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ശിപാർശകൾക്കനുസരിച്ച് കൂടുതൽ പ്രവർത്തനങ്ങളും പ്രോഗ്രാമുകളും ഉൾപ്പെടുത്തിവരുന്നു. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'ആദിവാസി സുരക്ഷയും ജനമൈത്രീ പോലീസിന്റെ പങ്കും 'വനിതാ ശിശു സുരക്ഷയിൽ ജനമൈത്രീ പോലീസിന്റെ പങ്ക് ' എന്നീ വിഷയങ്ങളിൽ തൃശ്ശൂരും, തിരുവനന്തപുരത്തും രണ്ടു ദിവസത്തെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഈ വർക്ക് ഷോപ്പുകളിൽ Communication skills, Positive Attitude Towards Tribes and Sprirt of Enactment എന്നീ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നടന്നു. Senior Citizens, Management Labour, Communal harmony എന്നീ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ റേഞ്ച് ഐ.ജി.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി പ്ലാൻ ഫണ്ടിൽ തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ ബീറ്റ് ഓഫീസർമാർക്കുള്ള മൂന്നു ദിവസത്തെ പരിശീലന പരിപാടി പോലീസ് ട്രെയിനിംഗ് കോളേജിൽവച്ച് നൽകിയിട്ടുണ്ട്.

ദേശീയ ഗെയിംസ് നടത്തിപ്പിലെ ക്രമക്കേടുകൾ

7(*7) ശ്രീ. കെ. രാജു :

ശ്രീ. സി. ദിവാകരൻ :

ശ്രീ. വി. ശശി :

ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിൽ നടന്നതായി പറയപ്പെടുന്ന അഴിമതി സംബന്ധിച്ച്, സി.ബി.ഐ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനങ്ങളിലുള്ള വിവരശേഖരണമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഗെയിംസ് നടത്തിപ്പിൽ ക്രമക്കേട് നടന്നതായി കാണിച്ച് ഇന്റലിജൻസ് ബ്യൂറോ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ&ബി) ഇല്ല

(സി) ബാധകമല്ല.

ഇന്റർനാഷണൽ ഹബ്ബുകളായി പരിഗണിക്കുന്ന വിമാനത്താവളങ്ങൾ

8(*8) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. ബേബി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെങ്കിലും വിമാനത്താവളം ഇന്റർനാഷണൽ ഹബ്ബുകളായി പരിഗണിക്കുന്ന വിമാനത്താവളങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കരട് പട്ടികയിൽ കേരളത്തിലെ വിമാനത്താവളം ഉൾപ്പെടുത്താതെ പോയത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇത് സംസ്ഥാനത്തിന്റെ വികസനത്തെയും യാത്രാനിരക്കിനെയും പ്രതികൂലമായി ബാധിക്കുമെന്ന കാര്യം അറിയാമോ ;

(ഡി) വിമാന യാത്രക്കാർ അമിത യാത്രാനിരക്ക് നൽകേണ്ടിവരുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ കരട് നയത്തിന്മേൽ സംസ്ഥാനം നൽകിയ പ്രതികരണം എന്തായിരുന്നു ; വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഇല്ല.

(ബി) കരട് പട്ടികയിൽ രാജ്യത്തെ മെട്രൊ പോളിറ്റൻ വിമാനത്താവളങ്ങളെ മാത്രം അന്താരാഷ്ട്ര വിമാനത്താവള ഹബ്ബ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയതിനാലാണ് കേരളത്തിലെ വിമാനത്താവളം ഉൾപ്പെടാതെ പോയത്.

(സി-ഇ) ഇത് സംസ്ഥാനത്തിന്റെ വികസനത്തെയും യാത്രാനിരക്കിനെയും പ്രതികൂലമായി ബാധിക്കും എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ട്. രാജ്യത്തെ വ്യോമയാന മേഖലയുടെ കുതിപ്പിന് തന്നെ വഴിവച്ച ആദ്യത്തെ പി.പി.പി. വിമാനത്താവളമായ

LIBRARY ARCHIVES Kerala Legislative Assembly